# പിന്നാക്ക വിഭാഗ വികസന വകുപ്പ്

## എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ഉത്തരവ്

( നിലവിൽ- അനിൽ.ജി. പെൻ 487185)

വിഷയം: പിന്നാക്ക വിഭാഗ വികസനം -എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം 2020-21 -ഗുണഭോക്താക്കളുടെ താൽക്കാലിക കരട് പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

സൂചന: 1. സ.ഉ(സാധാ)നം.70/2013/പിസവിവ തീയതി 16.08.203

2. സ.ഉ(സാധാ)നം.06/2020/പി.വി.വി.വ തീയതി 15.05.2020

3. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 22.09.2020 തീയതിയിലെ BCDIR/409/2020-A1 നമ്പർ വിജ്ഞാപനം

4. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 09.11..2020 തീയതിയിലെ BCDIR/409/2020-A1 നമ്പർ ഉത്തരവ്

5. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 24.11.2020 തീയതിയിലെ BCDIR/A1/363/2019 നമ്പർ ഉത്തരവ്

6. കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ 24.12.2020 തീയതിയിലെ BCDKKD/20/2020-A2 നമ്പർ കത്ത്

7. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 15.01.2021 തീയതിയിലെ BCDIR/409/2020-A1 നമ്പർ കത്ത്

---

നം.BCDEKM/88/2020/A2 തീയതി :18.01.2021

---

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ മത്സര പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതിയായ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന് 2020-21 വർഷത്തെ അപേക്ഷ ക്ഷണിച്ചുകൊണ്ട് പരാമർശം (3) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയ തുകയിൽ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിന് 2,15,00,000/ രൂപയും, ബാങ്കിംഗ് സർവ്വീസ് പരിശീലനത്തിന് 15,00,000/- രൂപയും, ഗേറ്റ്/മാറ്റ് പരിശീലനത്തിന് 10,00,000/- രൂപയും, യു.ജി.സി/നെറ്റ്/ജെ.ആർ.എഫ് പരിശീലനത്തിന് 13,00,000/-രൂപയും, സിവിൽ സർവ്വീസ് പരിശീലനത്തിന് 47,00,000/-രൂപയും പരിധി നിശ്ചയിച്ചും, പദ്ധതിയുടെ അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിന് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയും പരാമർശം(5) പ്രകാരം ഉത്തരവായിരുന്നു.

നിശ്ചിത തീയതിയ്ക്കകം എറണാകുളം ,കോഴിക്കോട് ഓഫീസുകളിൽ ലഭ്യമായ അപേക്ഷകളും,അനുബന്ധ രേഖകളും സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച് വെബ്സൈറ്റിൽ നിന്നും ഉദ്ധരിച്ചെടുത്ത പട്ടികയിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. പരിശീലന സ്ഥാപനങ്ങളുടെ പട്ടിക പരാമർശം(4) പ്രകാരം രൂപീകരിച്ച വിദഗ്ധ സമിതി പരാമർശം (7) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പരാമർശം(3) വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഉയർന്ന മാർക്ക്, താഴ്ന്ന വരുമാനം എന്നിവയുടെ

അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളിൽ താൽക്കാലികമായി അർഹത നേടിയ ഗുണഭോക്താക്കളുടെ കരട് ലിസ്റ്റും, വെയ്റ്റിംഗ് ലിസ്റ്റും ചുവടെ രേഖപ്പെടുത്തും പ്രകാരം അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.(ഗുണഭോക്തൃ പട്ടിക അനുബന്ധമായി ചേർക്കുന്നു.)

| വിഭാഗം | താൽക്കാലിക ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം | താൽക്കാലിക വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം |
|---|---|---|
| മെഡിക്കൽ /എഞ്ചിനീയറിംഗ് പരിശീലനം | 752 (മാർക്ക് 96.41 % വരെ) | 750 (മാർക്ക് 93.20 % വരെ) |
| മെഡിക്കൽ /എഞ്ചിനീയറിംഗ് പരിശീലനം (പ്രത്യേക പരിഗണനാ വിഭാഗം) | 75 (മാർക്ക് 83.08% വരെ) | 7 (മാർക്ക് 80.41 % വരെ) |
| ബാങ്കിംഗ് സർവ്വീസ് | 88 (മാർക്ക് 68% വരെ) | 25 (മാർക്ക് 42.5% വരെ) |
| ബാങ്കിംഗ് സർവ്വീസ് (പ്രത്യേക പരിഗണനാ വിഭാഗം) | 3 (മാർക്ക് 55% വരെ) | - |
| ഗേറ്റ്/മാറ്റ് | 43 (മാർക്ക് 69.85% വരെ) | 8 (മാർക്ക് 56% വരെ) |
| യു .ജി .സി/നെറ്റ്/ജെ.ആർ.എഫ് | 61 (മാർക്ക് 69.25% വരെ) | 9 (മാർക്ക് 57.25% വരെ) |
| യു .ജി .സി/നെറ്റ്/ജെ.ആർ.എഫ് (പ്രത്യേക പരിഗണനാ വിഭാഗം) | 1 (മാർക്ക് 64.5% വരെ) | - |
| സിവിൽ സർവ്വീസ്- മെയിൻ പരീക്ഷാ പരിശീലനം | 22 (മാർക്ക് 50% വരെ) | - |
| സിവിൽ സർവ്വീസ് - പ്രിലിമിനറി പരീക്ഷാ പരിശീലനം | 170 (മാർക്ക് 54.73% വരെ) | 14 (മാർക്ക് 37 % വരെ) |

File No.BCDEKM/88/2020-A2

പ്രസിദ്ധീകരിച്ച പട്ടികയിൽ ആക്ഷേപമുള്ളവർ അസ്സൽ രേഖകൾ സഹിതം ബന്ധപ്പെട്ട ഓഫീസുകളിൽ 26.01.2021 വൈകുന്നേരം 4 മണിക്കകം ബന്ധപ്പെടേണ്ടതാണ്. ടി സമയ പരിധിയ്ക്കുശേഷം വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല. അന്തിമ പട്ടിക 27.01.2021 ന് പ്രസിദ്ധീകരിയ്ക്കുന്നതാണ്. അന്തിമ പട്ടികയിൽ ഉൾപ്പെടുന്നവർക്ക് അർഹമായ തുക ബാങ്ക് അക്കൌണ്ടിലേയ്ക്ക് ബിൽ ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം മുഖേന ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ സ്വീകരിയ്ക്കേണ്ടതാണ്.

Signature valid
Digitally signed by Anil G
Date: 2021.01.18 14:51:21 IST
Reason: Approved

Office of the Deputy Director * Regional Office Ernakulam * Backward Classes Devp. Dept.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1. ഡയറക്ടർ,പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരി പത്രം സഹിതം അറിവിലേയ്ക്കായി)
2. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ,കോഴിക്കോട്
3 ഐ.ടി ഡിവിഷൻ കോർഡിനേറ്റർ, വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്
4. നോട്ടീസ് ബോർഡ്
5. കരുതൽ/അധികം